# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 174 04.06.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## സ്വകാര്യ മൈക്രോ ഫിനാൻസ് സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തുടനീളം സ്വകാര്യ മൈക്രോ ഫിനാൻസ് സംഘങ്ങൾ വ്യാപകമായി വളർന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇങ്ങനെയുള്ള സംഘങ്ങളിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാത്തതുമൂലവും ഇവരിൽനിന്നുള്ള ഭീഷണി മൂലവും പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി പഞ്ചായത്തിൽ കഴിഞ്ഞ നാല് മാസത്തിനിടെ ആറ് പേർ ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ ; | (ബി) മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണിമൂലം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 4 മാസക്കാലയളവിൽ ആരും ആത്മഹത്യ ചെയ്തതായി അന്വേഷണത്തിൽ ഇതുവരെ തെളിഞ്ഞിട്ടില്ല. |
| (സി) ഇത്തരം മൈക്രോ ഫിനാൻസ് സംഘങ്ങളെ നിയന്ത്രിക്കുവാനും ഇവരുടെ ഓഫീസുകൾ പരിശോധിക്കുവാനും പോലീസിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) നിയമാനുസരണം പ്രവർത്തിക്കുന്ന മൈക്രോഫിനാൻസ് സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു, കൂടാതെ അനധികൃത മൈക്രോഫിനാൻസ് സംഘങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ